**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **11-10-2024 - ൽ മറുപടിയ്ക്ക്**

**ബി.എച്ച്.സീരീസ് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ 2021-ൽ ആവിഷ്കരിച്ച പുതിയ വാഹനങ്ങൾക്കുള്ള ബി.എച്ച്. സീരീസ് രജിസ്ട്രേഷന് കേരളത്തിൽ അനുമതിയുണ്ടോ; കേരളം ഇതിൽ നിന്ന് മാറിനിൽക്കുന്നതിന്റെ കാരണം എന്താണ്; | (എ) | ബി എച്ച് സീരീസ് രജിസ്ട്രേഷൻ കേരളത്തിൽ ആരംഭിച്ചിട്ടില്ല. മോട്ടോർ വാഹനങ്ങളുടെ നികുതി നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര നിർദ്ദേശ പ്രകാരമുള്ള ബി എച്ച് രജിസ്ട്രേഷൻ നടപ്പിലാക്കുന്നതുമൂലം നികുതിയിനത്തിൽ സംസ്ഥാനത്തിനുണ്ടാകാവുന്ന വരുമാന നഷ്ടം പരിഗണിച്ചാണ് ബി എച്ച് സീരീസ് രജിസ്ട്രേഷൻ ആരംഭിക്കാത്തത്. |
| (ബി) | ബി.എച്ച്. രജിസ്ട്രേഷൻ അനുവദിച്ച് കൊടുക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഇത് പ്രകാരം എത്ര വാഹനങ്ങൾക്ക് ബി.എച്ച്. രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്; ബി.എച്ച്.സീരീസ് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ബി എച്ച് രജിസ്ട്രേഷനുള്ള അപേക്ഷ പരിഗണിക്കാൻ ഹൈക്കോടതി ഉത്തരവുണ്ട്. ഇതിനെതിരെ സബ് ആർ ടി ഓഫീസ്, ഒറ്റപ്പാലം അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ഒരു വാഹനത്തിനും ബി എച്ച് രജിസ്ട്രേഷൻ അനുവദിച്ചു നൽകിയിട്ടില്ല. ബി എച്ച് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിഷയം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ